# കേരള സർവകലാശാല

## കേരള സർവകലാശാല ഒന്നാം വർഷ എം.എഡ് പ്രവേശനം 2024-25

## സ്പോട്ട് അലോട്ട്മെന്റ്

## നിർദ്ദേശങ്ങൾ

- കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്/ എയ്ഡഡ്/ സ്വാശ്രയ കോളേജുകളിലെ ഒന്നാംവർഷ എം.എഡ് കോഴ്സിലേയ്ക്ക് 16/11/2024 ന **കേരള സർവ്വകലാശാല സെനറ്റ് ഹാൾ തിരുവനന്തപുരം**, വച്ച് രണ്ടാം ഘട്ട സ്പോട്ട് അലോട്ട്മെന്റ് നടത്തുന്നതാണ് .
- വിദ്യാർത്ഥികൾ അപേക്ഷയുടെ പ്രിന്റൗട്ട് ,യോഗ്യത തെളിയിക്കുന്ന മാർക്ക് ലിസ്റ്റ്, എലിജിബിലിറ്റി സർട്ടിഫിക്കറ്റ് (for candidates of other Universities), Non Creamy Layer Certificate (for SEBC Candidates), കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് (SC, ST Candidates ) EWS സർട്ടിഫിക്കറ്റ് , Medical certificate (for Differently Abled Candidates), മറ്റു യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ എന്നിവ ഹാജരാക്കേണ്ടതാണ്.
- രജിസ്ട്രേഷൻ സമയം 10 മണി വരെ ആണ്. ടി സമയം കഴിഞ്ഞു വരുന്നവരെ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല.
- അലോട്ട്മെന്റ് സെന്ററുകളിൽ വിദ്യാർത്ഥികൾക്ക് മാത്രമേ പ്രവേശനം അനുവദിക്കുകയുള്ളു. ഏതെങ്കിലും കാരണത്താൽ ഹാജരാകാൻ സാധിക്കാത്ത വിദ്യാർത്ഥികൾക്ക് സാക്ഷ്യപത്രം (authorization letter) നൽകി പ്രതിനിധിയെ അയക്കാവുന്നതാണ്.
- സ്പോട്ട് അലോട്മെന്റിൽ കോളേജും കോഴ്സും അലോട്ട് ചെയ്തു കഴിഞ്ഞാൽ യാതൊരു കാരണവശാലും മാറ്റം അനുവദിക്കുകയില്ല. സ്പോട്ട് അലോട്ട്മെന്റിൽ അഡ്മിഷൻ ലഭിക്കുകയാണെങ്കിൽ യൂണിവേഴ്സിറ്റി അഡ്മിഷൻ ഫീസ് (എസ്.ടി/എസ്.സി/OEC വിഭാഗങ്ങൾക്ക് 230/- രൂപ, ജനറൽ മറ്റ് സംവരണ വിഭാഗങ്ങൾക്ക് 1630/- രൂപ) അടയ്ക്കേണ്ടതാണ്. ഇതിനായി പ്രത്യേക സമയം അനുവദിക്കുന്നതല്ല.
- സംവരണ സീറ്റുകളിൽ അവകാശികൾ ഇല്ലാത്തപക്ഷം പ്രസ്തുത സീറ്റുകൾ പ്രോസ്പെക്ടസിൽ പറഞ്ഞിരിക്കുന്നത് പ്രകാരം മറ്റു വിഭാഗങ്ങളിലേക്ക് പരിവർത്തനം ചെയ്തു നൽകുന്നതാണ് .
- നിലവിൽ സർവകലാശാല അഡ്മിഷൻ പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടില്ലാത്തവരെ, റാങ്ക് ലിസ്റ്റിലെ വിദ്യാർത്ഥികളെ പരിഗണിച്ചതിനു ശേഷം ഒഴിവുള്ള സീറ്റുകളിലേക്ക് പരിഗണിക്കുന്നതാണ്.
- അഡ്മിഷൻ ലഭിക്കുന്ന വിദ്യാർഥികൾ എല്ലാ അസൽ രേഖകളുമായി 18.11.2024, 19.11.2024 തീയതികളിൽ അതാതു കോളേജുകളിൽ അഡ്മിഷൻ എടുക്കേണ്ടതാണ്